കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 27, ചൊവ്വ

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2004 ജനുവരി മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം *121

അദ്ധ്യാപക നിയമന ഉത്തരവിലെ അപാകത

*1 [121] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിന് ഉണ്ടായിരുന്ന നിയന്ത്രണങ്ങൾക്ക് ഇളവ് വരുത്തിക്കൊണ്ടുള്ള ഉത്തരവിൽ വ്യക്തതയില്ലായ്മമൂലം അർഹതയുള്ള വളരെയധികം നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കഴിയുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) പ്രധാനാദ്ധ്യാപകൻ പെൻഷൻപറ്റി പിരിയുമ്പോഴുണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻവഴി നിയമിക്കപ്പെടുന്ന അദ്ധ്യാപകന്റെ ഒഴിവിലേക്ക് പുതിയ നിയമനം നൽകുന്നതിന് മേൽപ്പറഞ്ഞ ഉത്തരവിൽ വ്യക്തമായി പറയാത്തതുമൂലം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നിയമനാംഗീകാരം നൽകാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) ഇത്തരം അപാകത നിലനിൽക്കുന്നുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ,

(എ) ഉണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രൊമോഷൻമൂലം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനം ക്രമവൽക്കരിക്കാത്ത സ്ഥിതിവിശേഷം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയവും സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വിഷയത്തിൽ ഒരു വിശദീകരണ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഗവൺമെന്റ് ഒട്ടനവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പലപ്പോഴായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവാരമുള്ള സ്കൂളുകളിൽ അഡീഷൻ ഡിവിഷൻസ് ആവശ്യമായി വന്നിരിക്കുകയാണ്. അത്തരം അഡീഷൻ ഡിവിഷൻസ് ആവശ്യമായി വന്നിരിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകരെ നിയമിക്കാൻ തടസ്സമായി വന്നിരിക്കുകയാണ്. അതുകൊണ്ട് നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന സ്കൂളുകളിൽ, അഡീഷൻ ഡിവിഷൻ ആവശ്യമായിവരുന്ന സ്കൂളുകളിൽ, പുതുതായി അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: സർ, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അഡീഷൻ ഡിവിഷൻ വേക്കൻസിയിലും ന്യൂ വേക്കൻസിയിലും പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനെ നിയമിക്കണമെന്ന് മാനേജ്മെന്റിനോട് പറഞ്ഞിരുന്നു. 1:1 എന്ന തോതിൽ നിയമിക്കാൻവേണ്ടി ധാരണയായി. പക്ഷേ ഇതുവരെ ഒരൊറ്റ മാനേജർമാരും അത് അനുസരിച്ചിട്ടില്ല. ആ ധാരണ പാലിക്കാത്തതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: ഗവൺമെന്റ് പലപ്പോഴും പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ് ക്വാളിറ്റി ഇംപ്രൂവ്മെന്റ്. ക്വാളിറ്റി ഇംപ്രൂവ്മെന്റ് നടത്തണമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുമ്പോൾ അതിനനുസരിച്ച് സ്കൂളുകളുടെ നിലവാരം ഉയർത്തുകയും അതിനനുസൃതമായ അദ്ധ്യാപകരെ നിയമിക്കുകയും വേണം. നിയമനനിരോധനം എടുത്തുകളഞ്ഞതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. 2001-നുശേഷം പുതിയ ഡിവിഷൻ വേക്കൻസിയിൽ എത്ര അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ മുമ്പിലുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: സ്പെസിഫിക്കായി പറഞ്ഞാൽ ആ കണക്കില്ല. 19-11-2003-ൽ പി. ആന്റ് എ. ആർ. ഡി. പുറപ്പെടുവിച്ച ജി ഒ. (പി) 34/2003 പ്രകാരം നിയമനനിരോധനം നീക്കി. അത് എയ്ഡഡ് മാനേജുമെന്റുകൾക്ക് ബാധകമല്ല എന്നതു ശരിയാണ്. അത് പരിശോധിക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനുവേണ്ടി സർക്കാർ നോംസ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആ നോംസ് പാലിക്കാതെയാണ് മാനേജുമെന്റുകൾ വ്യാപകമായി അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത്. ഇതിന്റെ ഫലമായി സംസ്ഥാന നിയമസഭ വിദ്യാഭ്യാസ വകുപ്പിന് പാസ്സാക്കിക്കൊടുക്കുന്ന തുക, അതിനേക്കാൾ കൂടുതൽ തുക ഓരോ വർഷവും വിദ്യാഭ്യാസ വകുപ്പ് ചെലവഴിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുമ്പിൽ ഈ പ്രശ്നം വന്നപ്പോൾ ഒരു ഗൂരുതരമായ പ്രശ്നമായിട്ടാണ് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഉദ്യോഗസ്ഥന്മാർ പറയുന്നത് ഇത്തരത്തിലുള്ള നിയമനങ്ങളാണ് കൂടുതൽ തുക ചെലവഴിക്കാൻ നിർബന്ധിക്കപ്പെടുന്നത് എന്നാണ്. അത് സംബന്ധിച്ച് വ്യക്തമായ നോംസ് അംഗീകരിച്ച് ആ നോംസ് പ്രകാരം മാത്രമേ നിയമനം നടത്തൂ എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: വിദ്യാഭ്യാസ വകുപ്പ് നിയമനങ്ങൾ നടത്തുന്നത് K.E.R. പ്രൊവിഷൻ അനുസരിച്ചാണ്. മാനദണ്ഡങ്ങൾ എല്ലാം പാലിച്ചുകൊണ്ടാണ്. ഇപ്പോൾത്തന്നെ പല നിയമനങ്ങളും അംഗീകരിക്കുന്നില്ല എന്ന വസ്തുത ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനടക്കമുള്ള ആളുകൾ ചൂണ്ടിക്കാണിച്ചതാണ്. ക്രമാതീതമായി ചെലവ് വർദ്ധിക്കുന്നു എന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ചത് വ്യക്തമാണ്. വിദ്യാഭ്യാസം സോഷ്യൽ സർവ്വീസാണ്. അതിനുവേണ്ടി ചെലവഴിക്കുന്ന പണം തിരിച്ചു കിട്ടുമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് സോഷ്യൽ സർവ്വീസ് എന്നുള്ള നിലയ്ക്ക് പണം ചെലവഴിക്കേണ്ടിവരുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയിരിക്കുന്ന ഓർഡറിൽ വളരെ അവ്യക്തതയുണ്ട്. റിട്ടയർമെന്റ് വേക്കൻസിയിലും പ്രൊമോഷൻ വേക്കൻസിയിലും പുതിയ ഡിവിഷൻ രൂപീകരിക്കുമ്പോൾ ഉണ്ടാകുന്ന വേക്കൻസികളിലും നിയമനം നടത്താനുള്ള അധികാരം ഗവൺമെന്റ് ഉപയോഗിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. ഉദ്യോഗസ്ഥന്മാർക്ക്, ഇതിൽ വ്യക്തതയില്ലാത്തതുമൂലം അംഗീകാരം നൽകിയാൽ അവർക്ക് റിട്ടയർ ചെയ്തുകഴിയുമ്പോൾ വലിയ ലയബിലിറ്റി വരികയാണ്. ആറും ഏഴും ലക്ഷം രൂപ ലയബിലിറ്റി വന്നിട്ടുള്ള ഉദ്യോഗസ്ഥന്മാർ വിദ്യാഭ്യാസ വകുപ്പിൽ ഉണ്ട്. ഇത്തരം ഓർഡർ നിലവിലിരിക്കുന്നതു കൊണ്ട് കൃത്യമായി, വ്യക്തതയോടുകൂടി, സംശയങ്ങൾക്ക് ഇട നൽകാത്ത രീതിയിൽ, മറ്റു വ്യാഖ്യാനങ്ങൾക്കിട നൽകാത്ത രീതിയിൽ, ക്ലാരിഫിക്കേഷനോടുകൂടി ഉത്തരവുകൾ പുറപ്പെടുവിക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. 24-9-2003-ലെ ജി.ഒ. 259/03 പ്രകാരമാണ് ഒരു ജനറൽ ഓർഡർ പുറപ്പെടുവിച്ചത്. അതിൽ വ്യക്തത തെളിയിക്കപ്പെട്ടിട്ടില്ല എന്നുപറഞ്ഞ് പല അപ്പോയിന്റിംഗ് അതോറിറ്റികളും ഗവൺമെന്റിലേക്ക് പരാതി നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ഫയൽ ഗവൺമെന്റിന്റെ മുമ്പിലാണ്. അടുത്ത ക്യാബിനറ്റിൽ ക്ലിയർ ചെയ്യാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: K.E.R. അനുസരിച്ചാണ് നിയമനമെന്ന് ഇവിടെ പറഞ്ഞു. ധാരാളം ഉത്തരവുകൾ ഇറക്കുന്നുണ്ട്. പക്ഷേ ആ ഉത്തരവുകളിൽ ബോധപൂർവ്വമുണ്ടാക്കുന്ന അവ്യക്തതയാണ്. കാരണം, അനധികൃതമായി നടത്തുന്ന നിയമനങ്ങൾ പിന്നീട് സാധൂകരിക്കാനും അംഗീകരിച്ചു കൊടുക്കാനും വേണ്ടിയാണ് ഈ അവ്യക്തത വരുത്തുന്നത്. സംസ്ഥാനത്ത് നിരവധി വിദ്യാലയങ്ങളിൽ ഈ ഉത്തരവുകൾ നിലനിൽക്കുമ്പോൾതന്നെ നൂറു കണക്കിന് അദ്ധ്യാപകർ ഇതിനൊക്കെ വിരുദ്ധമായി സ്കൂളുകളിൽ ഇന്ന് ജോലി ചെയ്തുവരികയാണ്. എന്നാൽ ഗവൺമെന്റ് സ്കൂളുകളിലാണെങ്കിൽ ആവശ്യത്തിനുള്ള അദ്ധ്യാപകരെ നിയമനനിരോധനത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നില്ല. ഈ സാഹചര്യത്തിൽ എത്ര അദ്ധ്യാപകർ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമന ഉത്തരവില്ലാതെ, നിയമപരമായല്ലാതെ, സാധുതയില്ലാതെ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; അങ്ങനെ എന്തെങ്കിലും കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല. സഭയിൽ വയ്ക്കാം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, നിയമന ഉത്തരവുകളിൽ അവ്യക്തതയുണ്ട്, ചില സംശയങ്ങൾ ഉൾക്കൊള്ളുന്നു എന്നുവച്ച് എല്ലാ ഉത്തരവുകളും അവ്യക്തമാണെന്നു പറയുന്നില്ല. ചില സംശയങ്ങൾ അതിൽ ഉൾക്കൊള്ളുന്നു. അതുമായി ബന്ധപ്പെട്ട ഫയൽ ഗവൺമെന്റ് മുമ്പാകെയുണ്ട്.

ശ്രീ. ജോണി നെല്ലൂർ: ബഹുമാനപ്പെട്ട മന്ത്രി 24-9-2003-ലെ ഉത്തരവിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആ ഉത്തരവു പ്രകാരം പല സ്കൂളുകളിലും അദ്ധ്യാപകർ ദീർഘ കാല അവധിയെടുത്ത് പോകാറുണ്ട്. അങ്ങനെ അവധി എടുത്ത് പോകുമ്പോൾ ആ സ്കൂളുകളിൽ അദ്ധ്യാപനം നടക്കുന്നില്ല. അങ്ങനെ അദ്ധ്യാപകർ അവധിയെടുത്തു പോകുന്ന സ്കൂളുകളിൽ പുതിയതായി അദ്ധ്യാപകരെ നിയമിക്കാൻ 24-9-2003-ലെ ഉത്തരവുമൂലം എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് തിരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ആ തടസ്സങ്ങളിൽ ഒരു ക്ലാരിഫിക്കേഷൻ വേണമെന്ന് പറഞ്ഞ് പല ഉദ്യോഗസ്ഥന്മാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: ഉത്തരവുകൾ ഉണ്ടായിട്ടും 15,000 അദ്ധ്യാപകർക്കാണ് ഇപ്പോൾ നിയമനം ലഭിക്കാത്തത്. 2001 ഒക്ടോബർ 29-നുശേഷം നിയമിതരായ അദ്ധ്യാപകർക്കാണ് സർക്കാർ ഉത്തരവുണ്ടായിട്ടും അംഗീകാരം ലഭിക്കാത്തത്. പൊതുവിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയെ കുറ്റം പറയും; സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പിനെ കുറ്റം പറയും; ഇവർ രണ്ടുപേരുംകൂടി ഗവൺമെന്റിനെ കുറ്റം പറയും; ഗവൺമെന്റാണെങ്കിൽ ഇവരെ രണ്ടാളുകളേയും കുറ്റം പറയും. ഈയൊരു അവ്യക്തത പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പെട്ടെന്ന് ഇടപെടുമോ?

മി. സ്പീക്കർ: ഇടപെടുമോ എന്നാണ്. ഒറ്റ വാക്കിൽ ഉത്തരം പറയാം.

ശ്രീ. നാലകത്ത് സൂപ്പി: ഇടപെടാം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: ഇപ്പോഴുള്ള കണക്കനുസരിച്ച് 475 പ്രൊട്ടക്ടഡ് അദ്ധ്യാപകർ മാത്രമേ നിലവിലുള്ളൂ. 1156 പ്രൊട്ടക്ടഡ് അദ്ധ്യാപകരെ എസ്.എസ്.എ. പദ്ധതിയിലും മറ്റും ഡിപ്ലോയ് ചെയ്തുകഴിഞ്ഞു.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകളിലുള്ള അപാകതകളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാൻ ചോദിക്കാൻ ഉദ്ദേശിച്ചത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പുതുതായുണ്ടാകുന്ന വേക്കൻസികളിൽ നിയമനം നടത്തുന്നതിന് ഇപ്പോൾ നിരോധനം നിലനിൽക്കുകയാണ്. വിദ്യാർത്ഥികളുണ്ടാവുകയും അദ്ധ്യാപകർ ഇല്ലാതിരിക്കുകയും ചെയ്താൽ സർക്കാർ എയ്ഡഡ് സ്കൂളിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളും മറ്റുസ്വാശ്രയ സ്കൂളുകളിലേയ്ക്ക് പോകും. അതുകൊണ്ട് ഇപ്പോഴുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുള്ള സ്കൂളുകളിൽ നിയമനം നടത്തുന്നതിനും നടത്തിയ നിയമനത്തിന് അംഗീകാരം കൊടുക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: അത് ഞാൻ പരിശോധിച്ചു വരികയാണ്. ഇന്ന് നിലവിൽ കുട്ടികളുള്ള സ്കൂളുകളിൽ appointing authorities സംശയം പ്രകടിപ്പിച്ച് മാറ്റിവയ്ക്കുകയാണ്. അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 1980 മുതൽ new schools എന്നു പറയുന്ന സിസ്റ്റം കേരളത്തിൽ നിലവിൽ വന്നിരിക്കുകയാണ്. ആ സ്കൂളുകളിലെ ടീച്ചേഴ്സിനെ റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി അപ്രൂവലിനുവേണ്ടി ചെന്നുകഴിഞ്ഞാൽ new school system ആയതുകൊണ്ട് അവർക്ക് അപ്രൂവൽ കൊടുക്കുന്നില്ല എന്നുള്ള ആക്ഷേപം പൊതുവേ വന്നിട്ടുണ്ട്. അതോടൊപ്പം നമ്മുടെ SSLC ഫൈനൽ എക്സാമിനേഷനു തൊട്ടുമുമ്പ് terminal examination നടത്താറുണ്ട്. Terminal examination-ന്റെ ചോദ്യപേപ്പർ സെറ്റ് ചെയ്യുന്നത് എങ്ങനെയാണ്, അത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ചോദിച്ചത്. new schools എന്നു പറഞ്ഞാൽ 1979-നു ശേഷമുള്ള എല്ലാ സ്കൂളുകളും അംഗീകരിക്കാൻ പ്രയാസമാണ്. അതിന് ഗവൺമെന്റ് ജി.ഒ. ഉണ്ട്. അതുപോലെ new schools എന്നു പറഞ്ഞ കാറ്റഗറിയിൽ വരുന്ന സ്കൂളുകളിലെ നിയമനങ്ങൾ പ്രൊട്ടക്ടഡാണ്, അത് ഫിൽ ചെയ്യണമെന്നു പറഞ്ഞു. അത് തടസ്സമായി ഡിപ്പാർട്ടുമെന്റും ഏജൻസികളും പറഞ്ഞിട്ടുണ്ട്. അത് ഗവൺമെന്റിന്റെ മുമ്പാകെയുണ്ട്, ഗവൺമെന്റ് പരിശോധിച്ച് ആ കാര്യത്തിൽ ഒരു തീരുമാനമെടുക്കാം. Terminal examination എന്നു പറഞ്ഞാൽ നമുക്ക് സാധാരണ SSLC-ക്കു മാത്രമേ പബ്ലിക് എക്സാമിനേഷനുള്ളൂ. അതു കഴിഞ്ഞെല്ലാം Terminal examination ആണ്. അതിന്റെ ചോദ്യപേപ്പർ സെറ്റുചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വ്യാപകമായ പരാതിയുണ്ട്. ഓരോ വിഭാഗം ആളുകൾ അത് സെറ്റ് ചെയ്യുന്നു എന്നുള്ള ആക്ഷേപമുണ്ട്. അതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

ശ്രീ. സാജു പോൾ: നമ്മുടെ സംസ്ഥാനത്തെ അദ്ധ്യാപക നിയമനത്തിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു ഉത്തരവിറക്കിയത് ചില പത്രവാർത്തകളിലും കാണുകയുണ്ടായി, അങ്ങനെ ഏതെങ്കിലും ഉത്തരവുകൾ ഇപ്പോൾ നിലവിൽ ഇറങ്ങിയിട്ടുണ്ടോ? അങ്ങനെ 1 : 40 എന്നുള്ള നിലയിൽ ഇതിന്റെ അനുപാതം പുതുക്കിയതും ക്രമരഹിതമായി ബി.എഡ്. കോളേജുകൾ അനുവദിച്ചതുമായി എന്തെങ്കിലും ബന്ധമുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: അദ്ധ്യാപക നിയമനം 1 : 45 എന്ന രീതിയിലാണ് നടത്തുന്നത്. 1 : 40 ആക്കാൻ സാധിച്ചിട്ടില്ല, അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് ഇവിടെ പറഞ്ഞിരിക്കുന്നത് 259/2003-ലെ ഉത്തരവാണ് ഈ അവ്യക്തത മുഴുവൻ ഉണ്ടാക്കിയിരിക്കുന്നതെന്നാണ്. ആ ഉത്തരവിൽ പറയുന്നത് നിലവിലുള്ള അദ്ധ്യാപകരിൽ നിന്നുവേണം പുതിയ ഒഴിവുകളുണ്ടാകുമ്പോഴും പ്രൊമോഷൻ ഉണ്ടാകുമ്പോഴും പോസ്റ്റുകൾ ഫിൽ ചെയ്യേണ്ടത് എന്നാണ്. പക്ഷേ യഥാർത്ഥത്തിൽ നിയമനനിരോധനം നിലനിൽക്കുമ്പോൾ നിലവിലുള്ള അദ്ധ്യാപകരെ നിയമിക്കാൻ പറ്റുകയുമില്ല. അതുകൊണ്ട് ആ ഓർഡർ ക്യാൻസൽ ചെയ്ത് ക്ലിയറായി ക്ലാരിറ്റിയോടുകൂടി പുതിയ ഓർഡർ ഇറങ്ങാത്തിടത്തോളംകാലം ഈ പറയുന്ന 15,000-ത്തോളം വരുന്ന അദ്ധ്യാപകർക്ക് ശമ്പളം കിട്ടുകയില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച 9,000-ത്തോളം പ്ലസ് ടു അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം കൊടുത്ത ഗവൺമെന്റാണിത്. ഈ പാവപ്പെട്ട അദ്ധ്യാപകരെ മാത്രം എന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്? അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: Leave vacancy, new division vacancy, additional vacancy എന്നിങ്ങനെ വിവിധ തട്ടുകളാണ് ഈ ഗവൺമെന്റിന്റെ മുമ്പാകെയുള്ളത്. അത് ഏറെക്കുറെ പരിഹരിക്കുമെന്നാണ് വിശ്വസിക്കുന്നത്. 9,000 അദ്ധ്യാപകരുടെ നിയമനത്തിന് സാങ്ഷൻ കൊടുത്തത് പ്ലസ് ടു സ്കൂളുകളുടെ നടത്തിപ്പിനുവേണ്ടിയാണ്. അത് പരിശോധിക്കേണ്ട കാര്യമില്ല.

ശ്രീ. വി. കെ. സി. മമ്മത്കോയ: കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ 240-ഓളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ താൽക്കാലികമായി ആളുകളെ നിയമിക്കുന്നില്ല. ഇതുകാരണം ആറും ഏഴും അദ്ധ്യാപകർ വേണ്ട എൽ.പി. സ്കൂളുകളിൽ പല സ്ഥലത്തും ഒരു അദ്ധ്യാപകൻ മാത്രമുള്ള സ്ഥിതിയുണ്ട്. അവിടെ ഇത് അടിയന്തിരമായി നികത്തുമെന്നു പറഞ്ഞിട്ട് ഇതുവരെ നികത്തിയിട്ടില്ല. ഇതു നികത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ കാര്യമടക്കം ക്യാബിനറ്റിൽ തീരുമാനിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. ഇ. എം. അഗസ്തി: എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ കേരളത്തിൽ മാത്രം ഒരു പ്രത്യേകത നിലനിൽക്കുകയാണ്. നിയമിക്കാൻ ഒരു ഏജൻസിയും ശമ്പളം കൊടുക്കാൻ ഗവൺമെന്റും എന്നുള്ള സ്ഥിതിയാണ്. കേരളത്തിലല്ലാതെ ഇന്ത്യയിലോ, ലോകത്തൊരിടത്തോ ഇങ്ങനെയൊരു സംവിധാനമില്ല. നിയമിക്കാൻ മാനേജുമെന്റുകളും ശമ്പളം കൊടുക്കാൻ ഗവൺമെന്റും എന്നുള്ള സ്ഥിതിവിശേഷം നിലനിൽക്കുന്നതുമൂലം അനധികൃതമായി ഈ രംഗത്ത് നിയമനം നടക്കുന്നു എന്നുള്ളത് വളരെ വ്യക്തമാണ്. ഇത് പരിഹരിക്കുന്നതിനായി ഇലക്ട്രിസിറ്റിയിൽ TRC—Tarrif Regulatory Commission—കൊണ്ടുവന്നതുപോലെ നിയമനങ്ങൾക്ക് അംഗീകാരം നൽകുമ്പോൾ അത് അർഹതപ്പെട്ടതാണോയെന്ന് പരിശോധിക്കാൻ ഒരു പ്രത്യേക ഭരണ സംവിധാനം കൊണ്ടുവരുമോ; അങ്ങനെ സംസ്ഥാനത്തിന്റെ ഭരണച്ചെലവ് കുറയ്ക്കാനും ഭരണപരമായ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള സംവിധാനത്തെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: നിയമനാധികാരം മാനേജുമെന്റിനാണ്. അത് ഈ ഗവൺമെന്റ് പാസ്സാക്കിയതല്ല, കാലാകാലങ്ങളിലുള്ള ഗവൺമെന്റുകളുടെ സ്ഥിതിയാണ്. അതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പരിശോധിക്കേണ്ട കാര്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: അഴിക്കുന്തോറും കുരുക്കു മുറുകുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്. ഉത്തരവിലെ അവ്യക്തതയാണ് അതിൽ പ്രധാനമായും തടസ്സമായി നിൽക്കുന്നത്. അദ്ധ്യാപക നിയമനത്തിൽ പ്രൊമോഷൻ തസ്തിക ഫിൽ ചെയ്യുക എന്നുള്ളതും നിയമനത്തിന്റെ തടസ്സം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന ഒരു നടപടിയാണ്. ഹൈസ്കൂളുകളിൽനിന്നും ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുള്ള പല തസ്തികകൾക്കും അംഗീകാരം കൊടുക്കാതെ കാലതാമസം വരുത്തുന്ന നടപടികൾ തുടരുകയാണ്. ഈ കാര്യങ്ങൾ പരിശോധിച്ച് ഇതിന് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഹൈസ്കൂളുകളിൽനിന്നും ഹയർ സെക്കന്ററി സംവിധാനത്തിലേക്കുള്ള പ്രൊമോഷൻ ഏറെക്കുറെ പൂർത്തിയായി. പ്രൊമോഷൻ എന്നു പറയുമ്പോൾ additional vacancy, new vacancy എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നം ക്യാബിനറ്റിന്റെ മുമ്പിലാണ്, അത് പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: അദ്ധ്യാപക നിയമന ഉത്തരവിലെ അപാകതമൂലം പുതിയ അദ്ധ്യാപക നിയമനം നടക്കുന്നില്ല. ഒരു അദ്ധ്യയന വർഷം അവസാനിക്കാൻ പോവുക യാണ്. നമ്മുടെ സർക്കാർ വിദ്യാലയങ്ങളിൽ ഇപ്പോഴും അദ്ധ്യാപകരില്ലാതെ പല ക്ലാസ്സു കളിലും പോർഷൻ പൂർത്തിയാക്കിയിട്ടില്ല. ഈയിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി തൃശ്ശൂരിൽ സംസ്ഥാന സ്കൂൾ യുവജനോത്സവവുമായി ബന്ധപ്പെട്ട് വന്നപ്പോൾ അദ്ധ്യാപകർ ഒരു കാര്യം വളരെ വികാരപരമായി ശ്രദ്ധയിൽപ്പെടുത്തി. തൃശ്ശൂർ ജില്ലയിൽ ഒഴിവുള്ള പത്തുമുന്നൂറോളം വരുന്ന അദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കാനെങ്കിലുമുള്ള സൗകര്യം ചെയ്യാമെന്ന് മന്ത്രി അവിടെവച്ചു പറഞ്ഞു. ഇതിനുമുമ്പ് താൽക്കാലികമായി നിയമിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. ഈ ഉത്തരവുമൂലം അതും ഇല്ലാതായി. അതുകൊണ്ട് അദ്ധ്യയനവർഷം അവസാനിക്കാറായ ഈ സാഹചര്യത്തിൽ നിയമന ഉത്തരവിലെ അപാകത പരിഹരിക്കാൻ കഴിയാതെ പോവുകയാണെങ്കിൽ താൽക്കാലികമായി അദ്ധ്യാപകരെ നിയമിക്കുന്നതിന് ഡി.ഡി.-മാർക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. നാലകത്ത് സൂപ്പി: താൽക്കാലികമായി നിയമിക്കുന്നതിന് ഡി.ഡി.-മാർക്ക് ഇപ്പോൾതന്നെ അവസരമുണ്ട്. ഏതായാലും 1 : 40 ഇക്കൊല്ലം നടപ്പാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ആ പ്രശ്നം തീർന്നാൽ ഏറെക്കുറെ പരിഹരിക്കാം.

ശ്രീ. എം. വി. ജയരാജൻ: ഗവൺമെന്റ് ഉത്തരവുകളുടെ അവ്യക്തത ഗൗരവമുള്ള താണ്. അക്കാര്യം മന്ത്രിസഭയുടെ പരിഗണനയിലാണെന്നു പറഞ്ഞു. മന്ത്രിസഭയുടെ മുമ്പാകെയില്ലാത്ത ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തലയിരി ക്കുമ്പോൾ വാലാടരുത് എന്നൊരു ചൊല്ലുണ്ട്. 13-6-2001-ൽ ഗവൺമെന്റ് പൊതു വിദ്യാഭ്യാസ വകുപ്പുസെക്രട്ടറി പെരിങ്ങത്തൂർ എം.എ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പലായി ഒരാളെ നിയമിച്ചു. ആ ഉത്തരവ് ഗവൺമെന്റ് കാൻസൽ ചെയ്യാതെ തന്നെ 15-1-2004-ൽ ഹയർ സെക്കണ്ടറി ഡയറക്ടർ മറ്റൊരാളെ പ്രിൻസിപ്പലായി നിശ്ചയിച്ചിരിക്കു കയാണ്. ഒരു വിദ്യാലയത്തിൽ രണ്ട് നാഥൻ, ഇപ്പോഴവിടെ അടിയാണ്. നിയമനം സംബന്ധിച്ചുണ്ടായിട്ടുള്ള ഈ ഉത്തരവിലെ അവ്യക്തതയെങ്കിലും നീക്കാൻ അങ്ങ് ഇടപെടുമോ?

ശ്രീ. നാലകത്ത് സൂപ്പി: എല്ലാ അവ്യക്തതയും നീക്കാൻ നടപടിയെടുക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: എം.എസ്സി. ബി.എഡ്ഡ്., എം.കോം. ബി.എഡ്ഡ്., എം.എ. ബി.എഡ്ഡ്. പാസ്സായ മിടുക്കന്മാരായ റാങ്കു കിട്ടിയവർക്കുപോലും എൽ.പി. സ്കൂളുകളിൽ തറ, പറ, പന, തല, വര പഠിപ്പിക്കേണ്ട സ്ഥിതിയാണിന്നുള്ളത്. സെറ്റ് പാസ്സായവരാണ് അവരിൽ പലരും. എന്നാൽ ഹയർ സെക്കന്ററിക്ക് പ്ലസ്ടു സ്കൂളുകളിൽ പഠിപ്പിക്കാൻ അദ്ധ്യാപകരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ എം.എ., എം.കോം., എം.എസ്സി. പാസ്സായി എൽ.പി. സ്കൂളുകളിൽ തറ, പറ, പന, വല പഠിപ്പിക്കുന്ന, നല്ല റാങ്കോടുകൂടി പാസ്സായ അദ്ധ്യാപകരെ എന്തുകൊണ്ട് ഈ പ്ലസ്ടുവിലേക്ക് നിയമിക്കാൻ കഴിയുന്നില്ല എന്നുള്ള കാര്യം വ്യക്തമാക്കാമോ?

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തറ, പറ പഠിപ്പിക്കാൻ എം.എസ്സി. പാസ്സായിട്ടുള്ള അദ്ധ്യാപരുണ്ടോ എന്നുള്ള കാര്യം സംശയ മാണ്. ഏതായാലും പ്രൊമോഷൻ ബേസിസിൽ ക്വാളിഫൈഡ് പ്രൊമോഷൻ അവർക്ക് നൽകുന്നതാണ്. ആ ബേസിസിൽ അവരെ പരിഗണിക്കുമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കളത്തിൽ അബ്ദുള്ള: ജി.ഒ.(പി.) നമ്പർ 259/03 എന്ന ഉത്തരവുപ്രകാരം റിട്ടയർമെന്റ്, ഡെത്ത്, റെസിഗ്നേഷൻ എന്നീ പോസ്റ്റുകൾക്കു മാത്രമാണ് അപ്രൂവൽ കൊടുക്കുന്നത്. പക്ഷേ ദീർഘകാല അവധിയിൽ, അഞ്ചു വർഷമോ അതിൽ താഴെയോ അവധിയെടുത്തുപോയാൽ ആ പോസ്റ്റിലേക്ക് കെ.ഇ.ആർ. പ്രകാരം നിയമനം നടത്താൻ പറ്റാത്ത ഒരു സാഹചര്യമുണ്ട്. ഇതു നമ്മുടെ വിദ്യാലയത്തിലെ അദ്ധ്യാപനത്തെ ബാധിക്കുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു പരിഹരിക്കാനുള്ള മാർഗ്ഗത്തെ കുറിച്ചാണ് ആലോചിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: അദ്ധ്യാപകരെ നിയമിക്കപ്പെട്ടാലും ട്രാൻസ്ഫർ ചെയ്യപ്പെട്ടാലും അതിന്റെ ഫിക്സേഷനുവേണ്ടിയുള്ള ഫയൽ ബന്ധപ്പെട്ട ഡി.ഇ.ഒ. ഓഫീസിലാണ് ചെല്ലുന്നത്. ഇപ്പോൾ താൽക്കാലിക അദ്ധ്യാപകന് ആയിരം രൂപയും സ്ഥിരം അദ്ധ്യാപകന് കുറഞ്ഞത് അയ്യായിരം രൂപയും കൈക്കൂലി കൊടുത്തെങ്കിൽ മാത്രമേ ഇതിന്റെ ഫിക്സേഷൻ അംഗീകരിക്കൂ എന്നുള്ള വ്യവസ്ഥ വ്യാപകമായിരിക്കുകയാണ്. അതുകൊണ്ട് ഫിക്സേഷനു പോകുന്ന ഫയൽ അവിടെ ചെന്നു കഴിഞ്ഞാൽ ഇത്ര ദിവസത്തിനുള്ളിൽ തീർപ്പു കൽപ്പിക്കണമെന്ന് ഒരു ഉത്തരവ്, അല്ലെങ്കിൽ ആ രൂപത്തിലുള്ള ഏതെങ്കിലും നടപടികൾ സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: അതാലോചിക്കാം.

ശ്രീ. ലൂഡി ലൂയിസ്: യു. പി. സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ടെന്ന കാരണം പറഞ്ഞുകൊണ്ട് ഹൈസ്ക്കൂളുകളിൽ അപ്പോയിന്റുമെന്റ് കിട്ടിയ അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസ്ഥയുണ്ട്. മൂന്നു മാസം ശമ്പളം കിട്ടിയവർക്കുപോലും അപ്രൂവൽ കൊടുക്കാത്ത അനുഭവങ്ങളുമുണ്ട്. അങ്ങനെയുള്ള അദ്ധ്യാപകരുടെ കാര്യം അനുഭാവ പൂർവ്വം പരിഗണിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: പ്രൊട്ടക്ടഡ് ടീച്ചേഴ്സിന്റെ പ്രശ്നം പരിഹരിച്ചാൽ ഇതിനൊക്കെ നടപടിയും പരിഹാരമാർഗ്ഗവുമുണ്ടാകുമെന്നു പറയാനാഗ്രഹിക്കുകയാണ്. ഏതായാലും ഈ പ്രശ്നം കൃാബിനറ്റിൽ വച്ചിട്ടുണ്ട്. അതിൽ പാസ്സാകുമെന്നാണ് വിശ്വാസം.

ശ്രീമതി രാധാരാഘവൻ: മാനന്തവാടി എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയിട്ട് നാലര വർഷം കഴിഞ്ഞിരിക്കുകയാണ്. ഇന്ന് ഇതിന്റെ ചർച്ചയും വച്ചിരിക്കുകയാണ്. അദ്ധ്യാപകരുടെ നിയമനം ഇതുവരേയും പൂർത്തിയായിട്ടില്ല. ഇതു പൂർത്തിയാക്കാൻവേണ്ടി ഇന്നുതന്നെ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ചുള്ള ചർച്ച ഇന്നുണ്ട്. അതുമായി ബന്ധപ്പെട്ട അദ്ധ്യാപക നിയമനം പൂർത്തിയാക്കാൻ സാധ്യമല്ല. ഏതായാലും അതിനെപ്പറ്റി പിന്നെ ആലോചിക്കാം.

ശ്രീ. ബിനോയ് വിശ്വം: 1:1 എന്ന അനുപാതം കർശനമായി പാലിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടുവെന്നും ഒരൊറ്റ സ്വകാര്യ മാനേജുമെന്റുകളും അതു പാലിച്ചിട്ടില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി വളരെ സങ്കടത്തോടുകൂടി പറഞ്ഞു. അത്തരം മാനേജുമെന്റുകളോട് കർശനമായി അത് പാലിക്കണമെന്ന് ആവശ്യപ്പെടാൻ കെ. ഇ. ആർ.-ൽ വകുപ്പുകളില്ലേ? ഒരു ഗവൺമെന്റ് ഇത്രയും ദയനീയമായി മുട്ടുകുത്തി പ്രാർത്ഥിക്കാൻ പോകുന്നതിനുപകരം സ്വന്തം അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് നിർദ്ദേശങ്ങൾക്ക് വഴങ്ങാത്ത മാനേജുമെന്റുകളെ നിലയ്ക്കുനിർത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: തൽക്കാലം പ്രൊട്ടക്ടഡ് ഹാന്റ്സിനെ അബ്സോർബ് ചെയ്യുന്നതുവരെയാണ് എന്നുപറഞ്ഞു. എന്നാൽ അതുപോലും മാനേജുമെന്റുകൾ സ്വീകരിച്ചിട്ടില്ല. മാനേജുമെന്റുകളുടെ പേരിൽ നടപടിയെടുക്കാനും സാധ്യമല്ല. ഏതായാലും അക്കാര്യം പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ലാവണങ്ങൾ കണ്ടു പിടിക്കാൻ ഈ സർക്കാർ വളരെ ബുദ്ധിമുട്ടുകയാണ്. ഇതു പരിഗണിച്ച് വിദ്യാഭ്യാസ വകുപ്പിലും വി. ആർ. എസ്. ഏർപ്പെടുത്താൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ഏതാണ്ട് 1,929 പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ഉണ്ടായിരുന്നത്. അതിൽ 1,145 അദ്ധ്യാപകരെ എസ്. എസ്. എ.-യിലും മറ്റും ഡിപ്ലോയ് ചെയ്തുകഴിഞ്ഞു. ഇനി 475 അദ്ധ്യാപകരാണുള്ളത്. ഇത് നാമമാത്രമായ പ്രൊട്ടക്ഷനാണ്. ഇത് ഇക്കൊല്ലം അനുവദിച്ച് അംഗീകരിച്ചു കിട്ടിയാൽ അടുത്ത കൊല്ലം ഈ പ്രശ്നമുണ്ടാവുകയില്ല. അതിനെ സംബന്ധിച്ചുള്ള ഫയൽ ക്യാബിനറ്റിന്റെ മുമ്പിലുണ്ട്.

ഡോ. കെ. സി. ജോസഫ്: ഈയടുത്തകാലത്തു നടന്ന നാഷണൽ സ്കൂൾസ് മീറ്റിലും കേരളം തുടർച്ചയായി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. എന്നാൽ വിജയങ്ങളെല്ലാംതന്നെ സ്പോർട്സ് സ്കൂളുമായി ബന്ധപ്പെട്ട കുട്ടികളുടേതാണ്. മറ്റുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം കൊടുക്കാൻ, കായികാദ്ധ്യാപകരുടെ നിയമനകാര്യത്തിൽ, ഗവൺമെന്റിന്റെ ചില നിയന്ത്രണങ്ങൾകൊണ്ട് അദ്ധ്യാപകരില്ല. ഹൈസ്കൂളുകളിൽ എട്ട്, ഒമ്പത് ക്ലാസ്സുകളിൽ മാത്രം അഞ്ച് ഡിവിഷൻ വേണം. 10-ാം ക്ലാസ്സ് കൂട്ടുകയില്ല. യു. പി. സ്കൂളുകളിലാണെങ്കിൽ അഞ്ഞൂറിൽ കൂടുതൽ കുട്ടികൾ വേണം—ഈ നിലയിലായതുകൊണ്ട് മിക്കവാറും എയ്ഡഡ്, ഗവൺമെന്റ് സ്കൂളുകളിൽ കായികാദ്ധ്യാപകരില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെ ചെറിയ കുട്ടികൾക്ക് കായിക പരിശീലനം കൊടുക്കുന്നതിന്, അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും ഇളവുകൾ വരുത്തിക്കൊണ്ട് എയ്ഡഡ്, ഗവൺമെന്റ് ഹൈസ്കൂളുകളിലും യു. പി. സ്കൂളുകളിലും കായികാദ്ധ്യാപകരുടെ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: കായികാദ്ധ്യാപകരുടെ പ്രശ്നം സജീവ പരിഗണനയിലുണ്ട്. സ്പോർട്സ് മിനിസ്റ്ററും ഞാനും തമ്മിൽ അക്കാര്യം സംസാരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: അദ്ധ്യാപകരുടെ നിയമനങ്ങളിലുള്ള നിയന്ത്രണങ്ങൾക്കു പുറമെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഗണ്യമായ തോതിൽ മലയാളം അദ്ധ്യാപകരുടെ തസ്തികകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. ഭരണഭാഷ മലയാളമാക്കുമെന്ന് പ്രഖ്യാപിച്ച ഒരു ഗവൺമെന്റിന്റെ കീഴിൽ ഇങ്ങനെ മലയാളം അദ്ധ്യാപകരുടെ തസ്തിക വെട്ടിക്കുറയ്ക്കാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: എ. ജി.-യുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിലാണ് മലയാളം അദ്ധ്യാപകരുടെ തസ്തിക നിർത്തൽ ചെയ്തത്. മലയാളം അദ്ധ്യാപകരുടെ തസ്തിക അംഗീകരിച്ചുകൊണ്ടുതന്നെ ഉത്തരവിറക്കണമെന്ന് ഗവൺമെന്റിന്റെ മുമ്പാകെ പ്രൊപ്പോസലുണ്ട്. അതുമായി ബന്ധപ്പെട്ട കാര്യം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: എനിക്ക് 1:40 എന്ന അനുപാതത്തെക്കുറിച്ചുതന്നെയാണ് ചോദിക്കാനുള്ളത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന കാര്യത്തിലും ഇപ്പോഴുള്ള വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് 1:40 അനുപാതം ഏർപ്പെടുത്തിയാൽ അതു

നടപ്പിലാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതു സംബന്ധിച്ച് ഒന്നു രണ്ടു പ്രസ്താവനകൾ നടത്തുകയുണ്ടായിട്ടുണ്ട്. കൂടാതെ വിവിധ അദ്ധ്യാപകസംഘടനകളുമായി ബന്ധപ്പെട്ട് സംസാരിച്ചിട്ടുമുണ്ട്. ഇതു സംബന്ധിച്ച് വളരെ വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മന്ത്രി പറയുമെന്നാണ് ഞാൻ കരുതുന്നത്. 1:40 അനുപാതം അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന്റെ മുമ്പിലും ക്യാബിനറ്റിന്റെ മുമ്പിലും ശുപാർശകൾ ഉണ്ട്.

ശ്രീ. കെ. പി. മോഹനൻ: ഡോ. കെ. സി. ജോസഫിന്റെ ചോദ്യത്തിനുത്തരമായി കായികാദ്ധ്യാപകരുടെ കാര്യം പറഞ്ഞു. വർഷങ്ങളായി സർക്കാർ അംഗീകാരം ലഭിക്കാത്ത മുപ്പതിൽപ്പരം കായികാദ്ധ്യാപകർ ഇപ്പോഴുമുണ്ട്. അവർക്ക് അംഗീകാരം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: വർഷങ്ങളായി അംഗീകാരം ലഭിക്കാത്ത കായികാദ്ധ്യാപകർ വേറെയുമുണ്ട്. കായികാദ്ധ്യാപകർക്ക് മുഴുവൻ അംഗീകാരം കൊടുക്കുകയാണങ്കിൽ കുറെയെണ്ണത്തിന് അംഗീകാരം കൊടുക്കേണ്ടിവരും. അർഹതപ്പെട്ടവർ ധാരാളമുണ്ട്. ഇപ്പോൾ അതാലോചിക്കാൻ ബുദ്ധിമുട്ടാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇക്കാര്യത്തിലുള്ള അവ്യക്തതയെക്കുറിച്ച് വളരെ വ്യക്തമായിട്ടുള്ള ഒരു ധാരണയുണ്ടാക്കേണ്ടത് അത്യാവശ്യമാണ്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിന്മേൽ തീരുമാനമെടുക്കുന്നതിനു സർക്കാർ തലത്തിൽ ഒരു ഫയൽ തീർപ്പുമേളയ്ക്ക് സർക്കാർ സന്നദ്ധമാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. നാലകത്ത് സൂപ്പി: ഫയൽ തീർപ്പുമേള കഴിഞ്ഞ കൊല്ലവും ഒരെണ്ണം നടത്തി. ഇക്കൊല്ലവും നടത്താൻ ഉദ്ദേശിക്കുന്നു

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ഏറ്റവുമധികം ഉത്തരവാദിത്വമുള്ള ഫയലുകൾ കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെന്റാണ് നമ്മുടെ പൊതുവിദ്യാഭ്യാസ വകുപ്പ്. ഓരോ അദ്ധ്യാപകനും ഓരോ ഫയലാണ്. കുറെ നാളുകളായി വിദ്യാഭ്യാസ വകുപ്പിന് നാഥനില്ല, ഡി. പി. ഐ. ഇല്ല. വരുന്നയാളുകൾ രണ്ടുമൂന്നു മാസം ഇരുന്നിട്ടുപോകും. ഇനിയെങ്കിലും കൊള്ളാവുന്ന ഒരു ഉദ്യോഗസ്ഥനെ രണ്ടു മൂന്നു വർഷത്തേയ്ക്കെങ്കിലും സ്ഥിരമായി നിയമിക്കാൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: ശ്രമിക്കാം.

ശ്രീ. കെ. കെ. ഷാജു: വിദ്യാഭ്യാസ മേഖലയിൽ ചൂഴ്ന്നുനിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഇവിടെ ലീവുവേക്കൻസിയിൽ അദ്ധ്യാപകരുടെ നിയമനമടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് ചോദ്യം വന്നപ്പോൾ അതു താമസിയാതെ പരിഗണിക്കപ്പെടുമെന്ന് വിശ്വസിക്കുന്നുവെന്നാണ് മന്ത്രി പറഞ്ഞത്. കേരളത്തിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥി സമൂഹത്തിന്റെയും പൊതുവായ പ്രശ്നമെന്നുള്ള നിലയ്ക്ക് ഇക്കാര്യത്തിൽ കോൺക്രീറ്റായ ഒരു തീരുമാനം ഇവിടെ പ്രഖ്യാപിക്കാൻ അങ്ങു തയ്യാറാകുമോ?

ശ്രീ. നാലകത്ത് സൂപ്പി: കോൺക്രീറ്റായ ഒരു തീരുമാനം ഇവിടെ പ്രഖ്യാപിക്കാൻ സാധ്യമല്ല. ക്യാബിനറ്റ് കഴിഞ്ഞതിനുശേഷമേ അതെക്കുറിച്ച് എന്തെങ്കിലും പറയാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly